**"ഭരണഭാഷ മാതൃഭാഷ"**

സി.ബി(1)16056/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 09.10.2019
Website: www.cooperation.kerala.gov.in
Email : keralarcs.coop@kerala.gov.in
Phone No.0471-2330825

## സർക്കുലർ നമ്പർ - 40/2019

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) സഹകരണ സംഘം രജിസ്ട്രാറുടെ 24.07.2019 ലെ 29/2019 നമ്പർ സർക്കുലർ.
2) 03.10.2019-ൽ ചേർന്ന പലിശ നിർണ്ണയ ഉപസമിതി തീരുമാനം.
3) 03.10.2019-ൽ ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം.

*****

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം ചേർന്ന പലിശ നിർണ്ണയ ഉപസമിതിയുടെ യോഗം, സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും, വിവിധ വാണിജ്യ ബാങ്കുകളും, പൊതുമേഖലാ ബാങ്കുകളും, ധനകാര്യ സ്ഥാപനങ്ങളും, സർക്കാർ ട്രഷറിയും, സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നിലവിൽ നൽകുന്ന പലിശനിരക്ക് അവലോകനം നടത്തുകയും, സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പലിശനിരക്ക് പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും സൂചന (3) പ്രകാരം ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസ് ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാനത്തെ വായ്പാ

സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാന കണക്കിൽ ചുവടെ ചേർക്കും പ്രകാരം 10.10.2019 മുതൽ പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, റീജീയണൽ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അഗ്രിക്കൾച്ചറൽ ഇംപ്രൂമെന്റ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും. | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.75 | 5.50 | 5.75 | 5.50 | 6.00 | 5.75 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.25 | 6.00 | 6.25 | 6.00 | 6.50 | 6.25 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.50 | 6.25 | 6.50 | 6.25 | 7.00 | 6.75 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.00 | 6.75 | 7.00 | 6.75 | 7.50 | 7.25 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 7.50 | 7.25 | 7.50 | 7.25 | 8.00 | 7.75 |
| 6. | 2 വർഷവും അതിനു മുകളിലും | 7.25 | 7.00 | 7.25 | 7.00 | 7.75 | 7.50 |

# സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിക്കുന്ന വ്യക്തിഗത നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക്

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | പലിശ നിരക്ക് | |
|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.75 | 5.50 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.25 | 6.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.50 | 6.25 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.00 | 6.75 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 7.50 | 7.25 |
| 6 | 2 വർഷവും അതിനു മുകളിലും | 7.25 | 7.00 |

മേൽ നിരക്കുകൾക്കു പുറമേ മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് പരമാവധി ½% നിരക്കിൽ അധിക പലിശ നൽകേണ്ടതാണ്.

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ജില്ലാ സഹകരണ ബാങ്കിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ നിക്ഷേപകർക്ക് നൽകുന്ന നിരക്കിൽ പലിശ ജില്ലാ സഹകരണ ബാങ്ക് നൽക്കേണ്ടതാണ്.

സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് നിശ്ചയിച്ച് നൽകിയിരുന്ന പലിശനിരക്ക് മാറ്റമില്ലാതെ തുടരുന്നതാണ്. സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുവാൻ പാട്ടുള്ളതല്ല. സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടുകയാണെങ്കിൽ ടി സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
കെ.ശകുന്തള
സഹകരണ സംഘം രജിസ്ട്രാർ (ഇൻ ചാർജ്ജ്)

പകർപ്പ് :-

1. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
2. സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
6. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
7. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും.
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും. (എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും. (ജില്ലാ ജോയിന്റ് ഡയറക്ടർ ആഡിറ്റ മുഖേന)
10. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ. ( ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11. ചീഫ് ജനറൽ മാനേജർ, നബാർഡ്, കേരള റീജീയണൽ ഓഫീസ് തിരുവനന്തപുരം.
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
13. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
14. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
15. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും.
16. എഡിറ്റർ, സഹകരണ വീഥി.
17. വെബ് സൈറ്റ്.
18. സ്റ്റോക്ക് ഫയൽ.
19. സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)